(ജി) ആയിരക്കണക്കിനാളുകൾ സഞ്ചരിക്കുന്ന ബംഗ്ളാംകടവ്-മൂക്കം റോഡിന്റെ പാലത്തിനോട് ചേർന്നുള്ള ഭാഗത്തിന്റെ വീതി 8 മീറ്ററാക്കി നിലനിർത്തി റോഡ് പൂർവ്വസ്ഥിതിയിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ പാലത്തിന്റെ 2 അബട്ട്മെന്റും 7 പിയറും പൂർത്തിയായിട്ടുണ്ട്. പാലത്തിന്റെ ആകെയുള്ള 8 സ്പാനിൽ 6 എണ്ണത്തിൽ ഡെക്ക് സ്ലാബ് പൂർത്തിയായി. ബാക്കി 2 എണ്ണത്തിന്റെ പണി പുരോഗമിക്കുന്നു. അപ്രോച്ച് റോഡിന്റെ പണികൾ 80% പൂർത്തിയായിട്ടുണ്ട്.

(ബി) പാലം നിർമ്മാണത്തിനുവേണ്ടി ഭൂമി ലഭിക്കാനുണ്ടായ കാലതാമസവും ഡിസൈനിൽ ചില വ്യതിയാനങ്ങൾ വരുത്തേണ്ടി വന്നതും പാലത്തിന്റെ പണി വൈകാൻ കാരണമായിട്ടുണ്ട്.

(സി) രണ്ടു സ്പാനിന്റെ സ്ലാബുവാർക്കലും അപ്രോച്ച് റോഡിന്റെ മെറ്റലിംഗ്, ടാറിംഗ് പണികളും പാലത്തിന്റെ കൈവരി തുടങ്ങിയ ഫിനിഷിംഗ് ജോലികളും പൂർത്തീകരിക്കാനുണ്ട്.

(ഡി) ശബരിമല ഉത്സവ സീസണു മുൻപ് പാലം തുറന്നുകൊടുക്കാൻ കഴിയും വിധം പാലം പണികൾ പുരോഗമിച്ചുവരികയാണ്.

(ഇ) ശരാശരി 18 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലുമാണ് അപ്രോച്ച് റോഡിനുവേണ്ടി സ്ഥലം എടുത്തത്.

(എഫ്) ശരാശരി 3 മീറ്റർ.

(ജി) വിശദമായ പരിശോധനയ്ക്കുശേഷം ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

തോട്ടുവക്കം നടുവില പാലം വീതി കൂട്ടുവാൻ നടപടി

62 (2001) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം-വെച്ചൂർ റോഡിലെ തോട്ടുവക്കം നടുവില പാലം പൊളിച്ച് വീതികൂട്ടി പണിയുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പാലത്തിന്റെ പണി തുടങ്ങുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ-സി) ഇൻവെസ്റ്റിഗേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly